# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1621 14.12.2012- ൽ മറുപടിക്ക്

## പുഷ്പകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ആവശ്യമുള്ള പൂവ് വാണിജ്യാടിസ്ഥാനത്തിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആവശ്യമുള്ള പൂവിന്റെ എത്ര ശതമാനമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നത്; | എ) ഇല്ല, ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പൂവിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |
| ബി) ആഭ്യന്തര വിപണിയുടെ ആവശ്യത്തിന് അനുസരിച്ച് പൂക്കൾ ഉണ്ടാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | ബി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കട്ട്ഫ്ളവറിന്റെയും ലൂസ് ഫ്ളവറിന്റെയും പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥയുണ്ട്. നടപ്പ് സാമ്പത്തിക വർഷം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ കട്ട്ഫ്ളവറിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 42 ലക്ഷം രൂപയും ലൂസ് ഫ്ളവറിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 1.8 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. |
| സി) കേരളത്തിൽ എതൊക്കെ സ്ഥലത്താണ് പുഷ്പ കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ ഉള്ളത്; | സി) കേരളത്തിലെ എല്ലാ സ്ഥലങ്ങളും വിവിധതരം പുഷ്പ കൃഷിയ്ക്ക് അനുയോജ്യമാണ്.എന്നാൽ ഇടുക്കി, വയനാട് ജില്ലകളിലെ ഹൈറേഞ്ച് പ്രദേശങ്ങൾ പുഷ്പ കൃഷിയ്ക്ക് കൂടുതൽ അനുയോജ്യമാണ്. |

| | | | |
|---|---|---|---|
| ഡി | പുഷ്പ കൃഷി വികസിപ്പിക്കുന്നതിന് കർഷകർക്ക് നല്കി വരുന്ന സഹാ യങ്ങളെപ്പറ്റി വ്യക്തമാക്കാമോ? | ഡി | ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം 1000 ചെടികളുള്ള ഒരു യൂണിറ്റ് കട്ട് ഫ്ളവർ കൃഷി ചെയ്യുന്നതിന് മൊത്തം ചെലവിന്റെ 50 ശതമാനം അതായത് 35,000 രൂപയും, ഒരു ഹെക്ടർ സ്ഥലത്ത് ലൂസ്ഫ്ളവർ കൃഷി ചെയ്യുന്നതിന് മൊത്തം ചെലവിന്റെ 50 ശതമാനം അതായത് 12,000 രൂപയും ധനസഹായം നൽകുന്നു. പരമാവധി 2 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകുന്നത്. കൂടാതെ പുഷ്പകൃഷി ചെയ്യുന്നതിനാവശ്യ മായ പോളിഹൗസ് നിർമ്മിക്കുന്ന തിന് ചതുരശ്ര മീറ്ററിന് മൊത്തം ചെലവായ 935 രൂപയുടെ 75 ശത മാനം ധനസഹായം നൽകുന്നു. ഒരു ഗുണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളീ ഹൗസുകൾക്കാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ